**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1197** **14-03-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ കൊട്ടന്താർ-മേൽപ്പാടം പാലം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | null<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് കുട്ടനാട് നിയോജകമണ്ഡലങ്ങളെ കൂട്ടിയോജിപ്പിക്കുന്നതും പള്ളിപ്പാട്, ചേപ്പാട് തുടങ്ങിയ പ്രദേശങ്ങളിലെ ജനങ്ങൾക്ക് തിരുവല്ലയിലേക്ക് പോകുവാനുള്ള എളുപ്പമാർഗവുമായ കൊട്ടന്താർ-മേൽപ്പാടം പാലത്തിന്റെ നിലവിലുള്ള സ്ഥിതി എന്താണ്; | (എ) | ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മണ്ഡലത്തിൽ, പൊതുമരാമത്തു വകുപ്പ് വഴി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയാണ് പള്ളിപ്പാട് കൊട്ടന്താർ മേൽപ്പാടം പാലം നിർമ്മാണം. പ്രസ്തുത പ്രവൃത്തിയ്ക്കായി 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഡി.പി.ആറിൽ മാറ്റങ്ങൾ വരുത്തി ആവശ്യ രേഖകൾ സഹിതം ഡി.പി.ആർ. പുന:സമർപ്പിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ റിപ്പോർട്ട്, പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 09.03.2022 തീയതിയിൽ ബഹു.ഹരിപ്പാട് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ സംയുക്ത യോഗം പ്രസ്തുത പാലത്തിന്റെ മേപ്പാടം ഭാഗത്തെ അപ്രോച്ച് റോഡ്, നിലവിലുള്ള ബണ്ട് റോഡ് ചേർത്ത് നിർമ്മിച്ചാൽ മതിയെന്നും നിലവിലുള്ള ഡി.പി.ആർ പ്രകാരം അനുമതി നല്കണമെന്നും ആവശ്യപ്പെട്ടു. അതിൻ പ്രകാരം കിഫ്ബി ആവശ്യപ്പെട്ട അനുബന്ധ രേഖകൾ ലഭ്യമാക്കി ഡി.പി.ആർ പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയുടെ സാമ്പത്തി-കാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനു-മതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാനാകും. |
| (ബി) | പ്രസ്തുത പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേയ്ക്ക് ആരംഭിക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ? | (ബി) | ആലപ്പുഴ ജില്ലയിൽ ഹരിപ്പാട് മണ്ഡലത്തിൽ, പൊതുമരാമത്തു വകുപ്പ് വഴി കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തിയാണ് പള്ളിപ്പാട് കൊട്ടന്താർ മേൽപ്പാടം പാലം നിർമ്മാണം. പ്രസ്തുത പ്രവൃത്തിയ്ക്കായി 30 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ |

| | | | |
|---|---|---|---|
| | | | കിഫ്ബിയിൽ സമർപ്പിച്ചിരുന്നു. കിഫ്ബി മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, ഡി.പി.ആറിൽ മാറ്റങ്ങൾ വരുത്തി ആവശ്യ രേഖകൾ സഹിതം ഡി.പി.ആർ. പുന:സമർപ്പിക്കുന്നതിന് കിഫ്ബി നിർദ്ദേശിച്ചിട്ടുണ്ട്. ഇതിൽ പ്രകാരം അഡീഷണൽ ഇൻവെസ്റ്റിഗേഷൻ നടത്തിയതിന്റെ റിപ്പോർട്ട്, പുതുക്കിയ ഡി.പി.ആർ തയ്യാറാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പ് ഡിസൈൻ വിഭാഗത്തിന് നൽകിയിട്ടുണ്ട്. എന്നാൽ 09.03.2022 തീയതിയിൽ ബഹു.ഹരിപ്പാട് എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ കൂടിയ സംയുക്ത യോഗം പ്രസ്തുത പാലത്തിന്റെ മേപ്പാടം ഭാഗത്തെ അപ്രോച്ച് റോഡ്, നിലവിലുള്ള ബണ്ട് റോഡ് ചേർത്ത് നിർമ്മിച്ചാൽ മതിയെന്നും നിലവിലുള്ള ഡി.പി.ആർ പ്രകാരം അനുമതി നല്കണമെന്നും ആവശ്യപ്പെട്ടു. അതിൻ പ്രകാരം കിഫ്ബി ആവശ്യപ്പെട്ട അനുബന്ധ രേഖകൾ ലഭ്യമാക്കി ഡി.പി.ആർ പുന:പരിശോധിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കിഫ്ബിയുടെ സാമ്പത്തികാനുമതി ലഭിച്ചതിനുശേഷം സാങ്കേതികാനുമതിയ്ക്കായുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി തുടർനടപടികൾ സ്വീകരിക്കാനാകും. |

സെക്ഷൻ ഓഫീസർ